ഉത്തരം

(എ, ബി, സി, ഡി) പരിശോധിക്കുന്നതാണ്.

"അട്ടപ്പാടി താലൂക്ക്"

1247. [1700] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഗളി, ഷോളയൂർ, പുതൂർ, കള്ളമല, പാടവയൽ, കോട്ടത്തറ എന്നീ ആറു വില്ലേജുകൾക്കുംകൂടി എത്ര ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുണ്ട്;

(ബി) ഈ വില്ലേജുകൾ ഉൾപ്പെടുത്തി അട്ടപ്പാടി താലൂക്ക് രൂപീകരിക്കാനാവശ്യമായ നടപടികൾ എടുക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) പുതുതായി താലൂക്കുകൾ രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

പീരുമേട് താലൂക്ക് ആഫീസിന് വാഹനം

1248. [1701] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പീരുമേട് താലൂക്കാഫീസിന് സ്വന്തമായി പുതിയ വാഹനം നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

എല്ലാ താലൂക്കുകൾക്കും ഘട്ടങ്ങളായി വാഹനം നൽകുവാനുള്ള ഒരു പദ്ധതി ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇപ്പോൾ വാഹനങ്ങളില്ലാത്ത എല്ലാ താലൂക്കുകൾക്കും വാഹനം നൽകുന്ന കാര്യം ഈ ആവശ്യത്തിനായി ബഡ്ജറ്റിൽ ലഭ്യമാകുന്ന തുകയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതാണ്.

സബ്കളക്ടറുടെ കാർ മുട്ടി അപകടം സംഭവിച്ചവർ

1249. [1704] ശ്രീ. എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സബ് കളക്ടർ ഉപയോഗിക്കുന്ന കെ. ഇ. വി. 1737 എന്ന കാർ മുട്ടി ഇക്കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ആർക്കെങ്കിലും അപകടം നേരിട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര പേർക്ക് ;

(സി) ഇതു മൂലം എത്ര പേർക്ക് ജീവഹാനി നേരിട്ടു ;

(ഡി) അപകടത്തിൽപ്പെട്ട ആർക്കെങ്കിലും ഇനിയും നഷ്ടപരിഹാരം കൊടുക്കാനുണ്ടോ ;

(ഇ) ഈ കാറിന്റെ ഡ്രൈവർക്കെതിരെ അശ്രദ്ധമായ ഡ്രൈവിംഗിനും അമിത വേഗതയ്ക്കും നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly